## അവകാശലംഘന പ്രശ്നങ്ങൾ

## I. ചെയറിന്റെ പരിഗണനയിലുള്ള അവകാശലംഘന പ്രശ്നങ്ങൾ

08-08-2023-ന് അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് നടന്ന ചർച്ചയ്ക്കിടയിൽ "സപ്ലൈകോയുടെ റീറ്റെയിൽ ഔട്ട്ലെറ്റുകളിൽ 13 നിത്യോപയോഗ സാധനങ്ങളിൽ ഭൂരിഭാഗവും നിലവിലില്ല എന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നു" എന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പരാമർശം തെറ്റാണെന്ന ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ പ്രസ്താവന വാസ്തവ വിരുദ്ധമാണെന്നും ഇത്തരത്തിൽ തെറ്റിദ്ധാരണ പരത്തുന്ന തരത്തിലുള്ള അദ്ദേഹത്തിന്റെ പരാമർശം നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ ലംഘിക്കുന്നതാകയാൽ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എം. വിൻസെന്റ് എം.എൽ.എ. സമർപ്പിച്ച നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

## II. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനയ്ക്കായി റഫർ ചെയ്തിട്ടുള്ള അവകാശലംഘന നോട്ടീസുകൾ

1) 13-03-2023-ന് നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ പേരിൽ, കേരള ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ എന്ന പേരിലുള്ള വാട്ട്സാപ്പ് കൂട്ടായ്മയിലും ഹാരിസ് ചിറയ്ക്കൽ എന്നയാളുടെ ഫേസ്ബുക്ക് പേജിലും മറ്റ് സാമൂഹിക മാധ്യമ പേജുകളിലും തന്നെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം ഡോക്ടറായ ശ്രീ. ഹാരിസ് ചിറയ്ക്കലിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് കാണിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ. നൽകിയ 15-03-2023-ന്റെ നോട്ടീസ് പ്രിവിലേജസ് ആൻഡ് എഥിക്സ് കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്.

2) 2023 മാർച്ച് 15-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ ഓഫീസിന് മുന്നിൽ നടന്ന സംഘർഷവുമായി ബന്ധപ്പെട്ട് പ്രതിപക്ഷ അംഗങ്ങൾക്കെതിരെ പരാതി ഉന്നയിച്ച അഡീഷണൽ ചീഫ് മാർഷൽ ശ്രീ. മൊയ്തീൻ ഹുസൈൻ, സർജന്റ് അസിസ്റ്റന്റ് ശ്രീമതി ഷീന എന്നിവർക്കെതിരെയും ബഹുമാനപ്പെട്ട

സ്പീക്കറുടെ അനുമതിയില്ലാതെ അംഗങ്ങൾക്കെതിരെ ജാമ്യമില്ലാത്ത വകുപ്പുകൾ ചുമത്തി കേസ് രജിസ്റ്റർ ചെയ്ത മ്യൂസിയം പോലീസ് സ്റ്റേഷനിലെ എസ്. ഐ. ശ്രീ. ജിജുകുമാർ പി. ഡി.-ക്കെതിരെയും അവകാശലംഘനത്തിനുള്ള നടപടി സ്വീകരിക്കണമെന്ന് കാണിച്ച് ശ്രീ. രമേശ് ചെന്നിത്തല, എം.എൽ.എ. നൽകിയ 27-03-2023-ലെ നോട്ടീസ്.

3) 2023 മാർച്ച് 15-ന് സമ്മേളനാന്തരം നടന്ന സംഘർഷത്തിൽ നാല് വനിതകളടക്കമുള്ള സുരക്ഷാ ജീവനക്കാർ പരിക്കേറ്റ് ആശുപത്രിയിൽ അഡ്മിറ്റാകാനിടയാകേണ്ടി വന്നെന്നും പ്രസ്തുത ആക്രമണങ്ങൾക്ക് നേതൃത്വം നൽകിയ ശ്രീ. റോജി എം. ജോൺ, ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. അൻവർ സാദത്ത്, ശ്രീ. എ. കെ. എം. അഷ്റഫ്, ഡോ. മാത്യു കുഴൽനാടൻ എന്നിവർക്കെതിരെ അവകാശലംഘനത്തിനുള്ള നടപടി സ്വീകരിക്കണമെന്നും കാണിച്ച് ശ്രീ. വി. കെ. പ്രശാന്ത് എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ്.

4) 2023 മാർച്ച് 15-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ ചേംബറിന് പുറത്ത് പ്രതിഷേധിച്ച പ്രതിപക്ഷ സാമാജികരെ വാച്ച് & വാർഡ് വിഭാഗം

ജീവനക്കാർ കയ്യേറ്റം ചെയ്തതായി ആരോപിച്ചുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എ. കെ. എം. അഷ്റഫ്, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ സാമാജികർ 15-03-2023-ന് സമർപ്പിച്ച നോട്ടീസ്.

5) 2023 മാർച്ച് 15-ന് സഭാസമ്മേളനത്തിനിടയിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ചേംബറിന് പുറത്ത് നടന്ന സംഘർഷവുമായി ബന്ധപ്പെട്ട് വിഷയം പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതിന് മുൻപ് വാച്ച് &വാർഡ് നൽകിയ തെറ്റായ പരാതി മ്യൂസിയം പോലീസ് സ്റ്റേഷന് കൈമാറി 7 പ്രതിപക്ഷ അംഗങ്ങൾക്കെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചത് സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. രമേശ് ചെന്നിത്തല, എം.എൽ.എ. സമർപ്പിച്ച പരാതി.

6) 2023 മാർച്ച് 15-ന് സഭാസമ്മേളനത്തിനിടയിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ചേംബറിന് പുറത്ത് നടന്ന സംഘർഷത്തിൽ പ്രതിപക്ഷ സാമാജികരിൽനിന്നും ചീഫ് മാർഷൽ ഉൾപ്പെടെയുള്ള വാച്ച് & വാർഡ്

സേനാംഗങ്ങൾക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നും ഇവർ തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിൽ നിലവിൽ ചികിത്സ തേടിയിട്ടുണ്ടെന്നും അറിയിച്ചുകൊണ്ട് വാച്ച് & വാർഡ് വിഭാഗത്തിലെ ചീഫ് മാർഷൽ 16-03-2023-ന് സമർപ്പിച്ച പരാതി.

7) 2023 മാർച്ച് 15-ന് സഭാസമ്മേളനത്തിനിടയിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ചേംബറിന് പുറത്ത് നടന്ന സംഘർഷത്തിൽ വാച്ച് & വാർഡ് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നേരെ ജനപ്രതിനിധികളുടെ ഭാഗത്ത് നിന്നുണ്ടായ ആക്രമണം ഏറെ ഗൗരവ സ്വഭാവമുള്ളതാകയാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കണമെന്നും പരിക്ക് പറ്റിയ ഉദ്യോഗസ്ഥരുടെ പൂർണ്ണമായ ചികിത്സാ ചെലവുകൾ നിയമസഭാ സെക്രട്ടേറിയറ്റ് ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ട് കേരള പോലീസ് അസോസിയേഷൻ 15-03-2023-ന് സമർപ്പിച്ച പരാതി എന്നിവയിന്മേൽ കൂടുതൽ പരിശോധനയും അന്വേഷണവും ആവശ്യമായതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച്

അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രസ്തുത നോട്ടീസുകൾ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തിട്ടുണ്ട്.